പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 3354

14.7.2015 ൽ മറുപടിക്ക്

**കേരള ക്ലെയിസ് & സിറാമിക്സ് ലിമിറ്റഡ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.വി. രാജേഷ് ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) പൊതുമേഖലാ സ്ഥാപനമായ കേരള ക്ലെയിസ് & സിറാമിക്സ് ലിമിറ്റഡിനു കീഴിലുള്ള ഏതെങ്കിലും യൂണിറ്റുകൾ അടച്ചുപൂട്ടിയിട്ടുണ്ടോ ; | **(എ), (ബി), (സി) ആന്റ് (ഡി)** കേരള ക്ലേയ്സ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡിന്റെ യൂണിറ്റുകൾ അടച്ചുപൂട്ടിയിട്ടില്ല. പരിസ്ഥിതി മലിനീകരണവുമായി ബന്ധപ്പെട്ട് പ്രദേശവാസികളുടെ പരാതിയുടെ അടിസ്ഥാനത്തിൽ മാടായി യൂണിറ്റിന്റെ ഖനന പ്രവർത്തനങ്ങളും ക്ലേ ശുദ്ധീകരണവും നിറുത്തിവയ്ക്കുന്നതിനും യൂണിറ്റിന്റെ വൈവിധ്യ വത്കരണത്തിനുള്ള വിശദമായ ശുപാർശ സർക്കാരിൽ സമർപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ കരിന്തളം യൂണിറ്റിൽ സർവ്വകക്ഷി ജനകീയ സമിതിയുടെ നേതൃത്വത്തിൽ സമരം നടക്കുന്നതിനാൽ കഴിഞ്ഞ അഞ്ച് മാസമായി ഉത്പാദനം നടക്കുന്നില്ല. |
| ബി) എങ്കിൽ ഏതെല്ലാം യൂണിറ്റുകളാണെന്നുള്ള വിശദാംശം നൽകുമോ ; | |
| സി) ഇതുമായി ബന്ധപ്പെട്ട് സ്ഥാപനത്തിലെ ട്രേഡ് യൂണിയനുകളുടെ അഭിപ്രായം തേടിയിട്ടുണ്ടോ ; | |
| ഡി) പ്രസ്തുത യൂണിറ്റുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെയും തൊഴിലാളികളുടെയും ജോലിയും സംരക്ഷണവും ഉറപ്പ് വരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; | |
| ഇ) പഴയങ്ങാടി യൂണിറ്റിൽ സംസ്കരണത്തിനുശേഷം ബോക്സൈറ്റും സൾഫറും കലർന്ന അവശിഷ്ടങ്ങൾ നിർമ്മാർജ്ജനം ചെയ്യാൻ എന്ത് പദ്ധതിയാണ് പരിഗണനയിലുള്ളത് ; | ഇ) ചൈനാ ക്ലേ സംസ്കരണത്തിന് ശേഷം പഴയങ്ങാടി യൂണിറ്റിൽ ബോക്സൈറ്റ്, സൾഫർ തുടങ്ങിയ പദാർത്ഥങ്ങൾ ഉണ്ടാകുന്നില്ല. എന്നാൽ ചൈനാ ക്ലേ ഖനനം ചെയ്യുമ്പോൾ ലഭിക്കുന്ന സൾഫർ കലർന്ന മണ്ണ് ഖനനം ചെയ്ത സ്ഥലത്തിട്ട് നികത്തി ചുവന്ന മണ്ണിട്ട് മരങ്ങൾ വെച്ചു പിടിപ്പിക്കുകയാണ് ചെയ്യുന്നത്. |

| | | | |
|---|---|---|---|
| എഫ്) | പ്രസ്തുത യൂണിറ്റിന്റെ നിയന്ത്രണത്തിലുള്ള മുട്ടം, മാടായി, വെങ്ങര മേഖലകളിൽ കുടിവെള്ളമെത്തിക്കുന്ന പദ്ധതി തുടർന്നും എങ്ങനെ മുന്നോട്ട് കൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്? | എഫ്) | നിലവിൽ മാടായിലും വെങ്ങരയുടെ ഒരു ഭാഗത്തും മാത്രമാണ് കുടിവെള്ള പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. മുട്ടം പ്രദേശത്ത് ഗ്രാമപഞ്ചായത്ത് മുഖാന്തിരം മുട്ടം ജമാഅത്ത് കമ്മിറ്റിയുടെ കമ്മിറ്റിയുടെ ഉടമസ്ഥതയിലുള്ള കിണറും സ്ഥലവും കുടിവെള്ള പദ്ധതി ആരംഭിക്കുവാനായി കമ്പനിക്ക് വിട്ടുതന്നിരുന്നു. ഇതിനായി 3500 മീറ്ററോളം പൈപ്പും ടാങ്കും മറ്റ് സാമഗ്രികളും കമ്പനി വാങ്ങി വെച്ചിട്ടുണ്ട്. എന്നാൽ കിണർ വൃത്തിയാക്കിയ ശേഷം നിലവിലുള്ള വാട്ടർ ടാങ്കിന്റെ പുനരുദ്ധാരണ പ്രവർത്തി ആരംഭിച്ചപ്പോൾ പ്രദേശവാസികളിൽ ചിലർ പ്രവർത്തി തടസ്സപ്പെടുത്തിയതിനാൽ പൂർത്തിയാകാതെ കിടക്കുകയാണ്. |

സെക്ഷൻ ഓഫീസർ